# കേരള കാർഷിക സർവ്വകലാശാല

സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി

പെരുമ്പാവൂർ,ഏറണാകുളം ജില്ല

ടെലിഫോൺ 0484- 2658221 ; ഇമെയിൽ: amprs@kau.in; വെബ്സൈറ്റ്: http://amprs.kau.in


നമ്പർ: No. A/704/21 തീയ്യതി: 28.11.2024

## ക്വട്ടേഷൻ നോട്ടീസ്

### കാർഷിക ജോലികൾക്ക് മണ്ണുമാന്തി യന്ത്രത്തിന്റെ സേവനം നൽകുന്നതിനുള്ള ക്വട്ടേഷൻ

ഓടക്കാലി സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിലെ വിവിധ ബ്ലോക്കുകളിൽ കാർഷിക ജോലികൾ ചെയ്യുന്നതിന്, മണ്ണുമാന്തി യന്ത്രത്തിന്റെ (ഹിറ്റാച്ചി) സേവനം ലഭ്യമാക്കുന്നതിന് തൽപര്യമുള്ള സ്ഥാപനം/ വ്യക്തികളിൽ നിന്നും മത്സരാടിസ്ഥനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടി കേന്ദ്രത്തിൽ കാർഷിക ജോലികൾ ചെയ്യുന്നതിന് ഒരു മണിക്കൂർ മണ്ണുമാന്തി യന്ത്രം (ഹിറ്റാച്ചി)/ജെ സി ബി മോഡൽ നമ്പർ എഞ്ചിൻ പവർ ഉൾപ്പെടെ പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനത്തിന്റെ നിരക്ക് (മണ്ണുമാന്തി യന്ത്രത്തിന്റെ മണിക്കൂറിനുള്ള നിരക്ക്/ ഓപ്പറേറ്റർ ബാറ്റ/ മറ്റ് ചെലവുകൾ ഉണ്ടെങ്കിൽ അവ വെവ്വേറെ രേഖപ്പെടുത്തേണ്ടതാണ്) എഴുതി മുദ്ര ചെയ്ത കവറിൽ **05.12.2024 ചൊവ്വാഴ്ച പകൽ 3 മണിക്ക്** മുമ്പായി പ്രൊഫസർ & ഹെഡ്, സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

കൃത്യസമയത്ത് ലഭിച്ച ക്വട്ടേഷനുകൾ അതേ ദിവസം 3.30 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും. ക്വട്ടേഷൻ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 3.00 മണി വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും 3.30 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമായിരിക്കും.

ഏതൊരു ക്വട്ടേഷനും കാരണമൊന്നും കൂടാതെ നിരാകരിക്കുന്നതിനുള്ള അവകാശം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമാണ്.

ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി ഫാമിലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഈ ഫാമിലെ മറ്റ് വസ്തുവകകൾക്ക് നാശനഷ്ടം വരുത്താതെ നിശ്ചിത സമയത്തിനും നിലവാരത്തിലും ജോലികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കേണ്ടതുമാണ്.

ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി സർക്കാർ നിബന്ധനകൾ അനുസരിക്കേണ്ടതും അല്ലാത്തപക്ഷം സർവ്വകലാശാലയ്ക്കുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദി ആയിരിക്കുന്നതുമാണ്.

വിവിധ നികുതികൾ അടക്കം ഗവൺമെന്റ് ക്വട്ടേഷന് ബാധകമായിട്ടുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമായിരിക്കുന്നതാണ്.

പ്രസ്തുത ക്വട്ടേഷൻ സംബന്ധിച്ച കാര്യങ്ങളിൽ സ്റ്റേഷൻ മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

ഒപ്പ്/-

ഡോ. ആൻസി ജോസഫ്

പ്രൊഫസ്സർ ആൻഡ് ഹെഡ്

To: 1. Office/Farm/ I & SC Notice boards/AMPRS Website
2. Asamannoor Panchayat Notice board
3. Asamannoor Village Notice board